## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3082

07/11/2019-ൽ
മറുപടി നൽകിയത്

**<u>അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന പദ്ധതി</u>**

| <u>ചോദ്യം</u><br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | <u>മറുപടി</u><br>മുൻ പൊ.വി.വ.മന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ്, നൽകാനുണ്ടായിരുന്ന മറുപടി ഇപ്പോഴത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി മറുപടി നൽകുന്നത് |
|---|---|
| (എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;<br>(ബി) ഇതിനകം എത്ര നിയോജക മണ്ഡലങ്ങളിൽ ഈ പദ്ധതി പൂർത്തിയാക്കിയെന്ന് അറിയിക്കുമോ; | (എ) & (ബി) പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഓരോ നിയോജക മണ്ഡലത്തിലും ഒരു സർക്കാർ സ്കൂൾ എന്ന നിലയിൽ 141 സ്കൂളുകളിൽ 5 കോടി വീതം കിഫ്ബി അനുവദിച്ചുകൊണ്ടുള്ള പദ്ധതിയിൽ സംസ്ഥാനമൊട്ടാകെ ഇതുവരെ 9 സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സ്കൂൾ അധികൃതർക്ക് കൈമാറിക്കഴിഞ്ഞു. മൂന്ന് സ്കൂളുകളുടെ പണികൾ ഉടൻ പൂർത്തീകരിച്ച് നൽകാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60% -ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (സി) കിഫ്ബിയിൽ നിന്നും ഈ പദ്ധതിക്കായി നാളിതുവരെ അനുവദിച്ച സാമ്പത്തിക സഹായം എത്രയെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ? | (സി) കിഫ്ബിയിൽ നിന്നും നാളിതുവരെ ഈ പദ്ധതിയ്ക്കായി (141 സ്കൂളുകൾക്കായി 5 കോടി രൂപ വീതം) 705 കോടി രൂപ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ കരാറുകാരുടെ ബില്ലുകൾ സമർപ്പിച്ച മുറയ്ക്ക് നാളിതുവരെ 500,40,65,029.75/- രൂപ കിഫ്ബിയിൽ നിന്നും കരാറുകാർക്ക് ലഭ്യമാക്കിയിട്ടുണ്ട് |

Namitha P

**സെക്ഷൻ ഓഫീസർ.**